**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1034** **12-06-2024 - ൽ മറുപടിയ്ക്ക്**

**അരുതിരിത്തി തടയണയ്ക്ക് ഫൈബർ ഷട്ടറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ മങ്കട വലിയതോടിൽ നിർമ്മിച്ചിട്ടുള്ള അരുതിരിത്തി തടയണയുടെ ഷട്ടറുകളും കുട്ടപ്പാല വി.സി.ബി.യുടെ മരഷട്ടറുകളും കാലപ്പഴക്കത്താൽ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത തടയണയിലും വി.സി.ബി.യിലും ഫൈബർ ഷട്ടറുകൾ സ്ഥാപിക്കുന്നതിനും നിലവിലെ കരിങ്കൽ പാർശ്വഭിത്തി പൊളിച്ചുമാറ്റി കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മിയ്ക്കുന്നതിനുമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെ ഫണ്ട് അനുവദിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കഴിഞ്ഞ സാമ്പത്തിക വർഷം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായെങ്കിലും ആയതിന് ഫണ്ടിന്റെ അഭാവം മൂലം സാമ്പത്തിക അനുമതി നല്കാൻ സാധിച്ചില്ല. നടപ്പ് സാമ്പത്തിക വർഷത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | നടപ്പ് സാമ്പത്തിക വർഷം ഫണ്ട് അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഫണ്ട് അനുവദിച്ച് ആയത് എത്രയുംവേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | മറുപടി ബി പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ